# മാർക്സിസ്റ്റ് രാഷ്ട്രീയത്തിലെ ഇരട്ടത്താപ്പ്

**സാധാരണക്കാരെ** കുടിയിറക്കി മൂലധനശക്തികളുടെ താൽപര്യം സംരക്ഷിക്കുന്ന കിനാലൂർ മോഡൽ 'വികസന'ത്തിനെതിരെ ജനപക്ഷത്ത് ഉറച്ചുനിന്ന് പ്രക്ഷോഭം നടത്തിയതിന്റെ പേരിൽ മാർക്സിസ്റ്റ് പാർട്ടിയിലെ ചിലർ സോളിഡാരിറ്റിക്കും മാതൃ സംഘടനയായ ജമാഅത്തെ ഇസ്‌ലാമിക്കും നേരെ തിരിഞ്ഞിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം വിഭാഗത്തിലെ ഒറ്റപ്പെട്ട സംഘടനയാണെന്നും അതിന്റെ യുവജന വിഭാഗമായ സോളിഡാരിറ്റി നാട്ടിന്റെ സർവ പുരോഗതിക്കും തടസ്സം നിൽക്കുകയാണെന്നുമാണ് സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ആരോപിക്കുന്നത്.

മറ്റു മുസ്‌ലിം സംഘടനകളാൽ ഒറ്റപ്പെടുത്തപ്പെട്ട സംഘടന എന്ന അർഥത്തിലാണ് ഈ വിമർശനമെങ്കിൽ അത് യാഥാർഥ്യവുമായി യോജിക്കുന്ന പ്രസ്താവനയല്ല. ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, അഹ്‌ലെ ഹദീസ്, മുസ്‌ലിം മജ്‌ലിസെ മുശാവറ, മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് തുടങ്ങിയ പ്രമുഖ മുസ്‌ലിം സംഘടനകളും സംഘടനാ വേദികളും ജമാഅത്തിനെ ഒറ്റപ്പെടുത്തുകയല്ല, അതുമായി കൈകോർത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് തന്നെ പൊതുവിഷയങ്ങളിൽ മുസ്‌ലിം സംഘടനകളും ജമാഅത്തും ഒന്നിച്ചുനിന്ന് പ്രവർത്തിക്കാറുണ്ട്. വഖ്ഫ് ബോർഡ്, ശരീഅത്തിനെതിരെയുള്ള ദുഷ്പ്രചാരണം, വിദ്യാലയങ്ങളിലെ പാഠപുസ്തക പ്രശ്നം എന്നിവ ഉദാഹരണങ്ങൾ. എന്നാൽ, സമഗ്ര ജീവിത പദ്ധതി എന്ന നിലയിലുള്ള ദർശനം, കാഴ്ചപ്പാട് പുലർത്തുന്ന വ്യതിരിക്തമായ സംഘടന എന്ന നിലയിലാണെങ്കിൽ നിശ്ചയമായും ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം വിഭാഗങ്ങളിൽനിന്ന് വേറിട്ടു നിൽക്കുന്ന പ്രസ്ഥാനം തന്നെയാണ്.

"നാടിന്റെ പുരോഗിതയെ എതിർക്കലാണ് സോളിഡാരിറ്റിയുടെ പണി." പിണറായിയുടെ പുതിയ കണ്ടെത്തലാണിത്. നാടിന്റെ ഏതേത് പുരോഗതിയെയാണ് സോളിഡാരിറ്റി എതിർക്കുന്നതെന്ന് സഖാവ് വ്യക്തമാക്കിയിട്ടില്ല. പ്രമാണിമാരുടെയും രാഷ്ട്രീയ നേതാക്കളുടെയും സ്ഥാപിത താൽപര്യങ്ങൾക്ക് വേണ്ടി നിരാലംബരായ സാധാരണക്കാരെ കുടിയിറക്കി വഴിയാധാരമാക്കുന്ന 'നാടിന്റെ പുരോഗതി' സോളിഡാരിറ്റി അംഗീകരിക്കുന്നില്ലെന്നത് ശരിയാണ്. മൂലധന ശക്തികളുടെ ഏജന്റുമാരായി വർത്തിക്കുന്ന ഈ 'ജനസേവകർ'ക്കെതിരെ രംഗത്തുവരാൻ സോളിഡാരിറ്റിയെ പോലുള്ള പ്രസ്ഥാനങ്ങൾ നിർബന്ധിതമാകുന്നത്, നാട്ടുകാരുടെ യഥാർഥ പുരോഗതിക്ക് മുന്തിയ പരിഗണന നൽകുന്നതുകൊണ്ടാണ്.

കാസർകോട്ടെ എൻഡോസൾഫാൻ, ചെങ്ങറ, മൂലമ്പിള്ളി, പ്ലാച്ചിമട, ദേശീയപാത വികസനം, കരിമണൽ ഖനനം തുടങ്ങിയ ജനകീയ പ്രക്ഷോഭങ്ങളിലെല്ലാം സോളിഡാരിറ്റി സജീവ പങ്കാണ് വഹിച്ചത്. ചെറുകിട വ്യാപാര മേഖലയിലേക്ക് കുത്തകകൾ കടന്നുവരുന്നതിനെതിരെയും സോളിഡാരിറ്റി ശബ്ദിച്ചു. മുതലാളിത്തവും സാമ്രാജ്യത്വവും നമ്മുടെ സമൂഹത്തിൽ ആധിപത്യമുറപ്പിക്കുന്നത് 'വികസന'മെന്ന മുദ്രാവാക്യത്തിലൂടെയാണെന്നും ആ വികസനം മണ്ണിനും മനുഷ്യനുമെതിരാണെന്നുമുള്ള തിരിച്ചറിവാണ് സോളിഡാരിറ്റിയെ സമരരംഗത്ത് ഉറപ്പിച്ചുനിർത്തുന്നത്.

'രക്ഷകരുടെ ലക്ഷ്യം, രാഷ്ട്രീയ നേട്ടം' എന്ന ശീർഷകത്തിൽ സോളിഡാരിറ്റിക്കെതിരെ തിരിഞ്ഞ *ദേശാഭിമാനി* സ്വന്തം ലേഖകൻ പറയുന്നത്: "പാവപ്പെട്ടവർക്ക് വീട് നിർമിച്ചു കൊടുക്കുക, അരി വിതരണം ചെയ്യുക തുടങ്ങിയ ചൊട്ടുവിദ്യകളും ഇവർ പ്രയോഗിക്കാറുണ്ട്" എന്നാണ്. ഒരു കൊച്ചു കൂര വെച്ചു കെട്ടാൻ കഴിയാതെ വേദനിക്കുന്ന നിസ്സഹായരായ മനുഷ്യ മക്കൾക്ക് വീട് വെച്ച് കൊടുക്കുന്നതും ആഹാരം നൽകുന്നതും *ദേശാഭിമാനി*യുടെ സ്വന്തം ലേഖകന്റെ കണ്ണിൽ ചൊട്ടുവിദ്യകളാണത്രെ. ഒന്നോ രണ്ടോ അന്യ സമുദായക്കാർക്ക് സഹായം നൽകി മാധ്യമങ്ങളിലൂടെ അത് ഉയർത്തിക്കാട്ടി 'മതേതരമുഖം' പ്രദർശിപ്പിക്കലും സോളിഡാരിറ്റിക്കാരുടെ പതിവാണെന്നും ലേഖകൻ അച്ചുനിരത്തുന്നു. സൂനാമി ദുരന്തത്തിനിരയായവരിൽ മഹാഭൂരിപക്ഷവും സ്വസമുദായത്തിൽ പെട്ടവരായിരുന്നില്ലെന്നും അവിടെ സോളിഡാരിറ്റി പ്രവർത്തകർ വീട് കെട്ടി നൽകിയത് ഒന്നോ രണ്ടോ അന്യ സമുദായക്കാർക്കായിരുന്നില്ലെന്നുമുള്ള സത്യം ലേഖകൻ മറച്ചുപിടിക്കുന്നു. സോളിഡാരിറ്റിയുടെ മാനവികമുഖം പ്രശസ്ത പരിസ്ഥിതി മനു

ഷ്യാവകാശ പ്രവർത്തകൻ സി.ആർ നീലകണ്ഠൻ അനാവരണം ചെയ്യുന്നതിങ്ങനെ: "സമരരംഗത്തുള്ളവരുടെ ജാതിയോ മതമോ പരിഗണിക്കാതെ സമരങ്ങളെ സഹായിക്കുകയാണവർ. പ്ലാച്ചിമടയിലും ചെങ്ങറയിലും മരുന്നും ഭക്ഷണവും, മൂലമ്പിള്ളിയിൽ താൽക്കാലിക ഷെഡ്ഡും കാസർകോട്ടെ എൻഡോസൾഫാൻ ബാധിതർക്ക് വീടും, ചികിത്സയും നൽകുന്നത് എന്തടിസ്ഥാനത്തിലാണ്? ഇവിടെയൊന്നും മുസ്‌ലിം മതവിഭാഗങ്ങൾ കാര്യമായില്ല" (*മാതൃഭൂമി* വീക്കിലി, 2008 ഡിസംബർ 7).

ജമാഅത്തെ ഇസ്‌ലാമി ഇടതുപക്ഷത്തിന് വോട്ട് നൽകിയപ്പോൾ 'വ്യക്തമായ രാഷ്ട്രീയ നിലപാടുള്ളതും ആലോചിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്ന സംഘടനയായിരുന്നു ജമാഅത്തെ ഇസ്‌ലാമി' പാർട്ടി സെക്രട്ടറി വിജയന്റെ ദൃഷ്ടിയിൽ (*മാധ്യമം* 10.4.2009).

എന്നാൽ പാർട്ടിയുടെ ജനവിരുദ്ധ നയങ്ങളെ വിമർശിക്കേണ്ടിവന്നപ്പോൾ, സോളിഡാരിറ്റിയും ജമാഅത്തും വികസനവിരുദ്ധരും പുരോഗമനാശയങ്ങളുടെ മുഖം മൂടിയണിഞ്ഞ മതതീവ്രവാദ സംഘടനയും ഒക്കെയായി മാറിയിരിക്കുകയാണ്. തങ്ങളോടൊപ്പം നിന്നാൽ മതേതരവാദി, മറിച്ചായാൽ തീവ്രവാദിയും! ഈ ഇരട്ടത്താപ്പ് രാഷ്ട്രീയത്തിലെ അവസരവാദം ആർക്കും പിടി കിട്ടുകയില്ലെന്നാണോ കരുതിയിരിക്കുന്നത്!

**റഹ്മാൻ മധുരക്കുഴി**

## ഇന്ത്യാവിഷന്റെ '(അ)വാസ്തവം' പരിപാടിയും ജമാഅത്തെ ഇസ്‌ലാമിയും

മെയ് 23-ന് രാത്രി ഇന്ത്യാവിഷൻ സംപ്രേഷണം ചെയ്ത 'വാസ്തവം' പരിപാടി പൊതുജനങ്ങൾക്കിടയിൽ ജമാഅത്തെ ഇസ്‌ലാമിയെ സംശയത്തിന്റെ മുൾമുനയിൽ നിർത്താൻ ഉദ്ദേശിച്ചുള്ളതാണെന്ന് വ്യക്തം. എതിരാളികളുടെ ക്ലിപ്പിംഗുകൾ ആവശ്യാനുസരണം തിരുകിക്കയറ്റി പ്രേക്ഷകരെ തെറ്റിദ്ധരിപ്പിക്കാനാണ് ശ്രമം. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച വിവരണത്തിന് അകമ്പടിയായി പോപ്പുലർ ഫ്രണ്ടിന്റെ ഫ്രീഡം പരേഡിന്റെ വിഷ്വൽസ് കാണിക്കുക മാത്രമല്ല, ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ വിഭാഗമാണ് എസ്.ഡി.പി.ഐ എന്നുകൂടി സമർഥിക്കുന്നത് കാണുമ്പോൾ ആസൂത്രിതമായ നീക്കം ഇതിനു പിന്നിലുണ്ടെന്ന് ന്യായമായും സംശയിക്കാം. ഇതൊരു ലൈവ് ചർച്ചയായിരുന്നെങ്കിൽ ഒരുപക്ഷേ, നാക്കുപിഴയാണെന്നെങ്കിലും പറഞ്ഞൊഴിയാമായിരുന്നു. നേരത്തെതന്നെ സ്ക്രിപ്റ്റ് തയാറാക്കി അതിനുതകുന്ന വിഷ്വൽസ് കോർത്തിണക്കി അരമണിക്കൂറിലാക്കി എഡിറ്റ് ചെയ്ത് ഉത്തരവാദപ്പെട്ടവരുടെ അനുമതി വാങ്ങി കാണിക്കുന്ന ഒരു വീക്കിലി പ്രോഗ്രാമാണിതെന്നതുതന്നെ ഇത് ബോധപൂർവമാണെന്ന സംശയം ബലപ്പെടുത്തുന്നു.

വിപണിയിൽ വാങ്ങാൻ കിട്ടുന്ന ഒരു ഭരണഘടനയും ഏഴു പതിറ്റാണ്ടുകാലത്തെ അതിന്റെ പ്രവർത്തനങ്ങളും ഒരു തുറന്നപുസ്തകം പോലെ നമ്മുടെ മുന്നിലിരിക്കെ, ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങളിൽ നിഗൂഢത മാത്രമേ 'വാസ്തവ'ക്കാരന് കാണാൻ കഴിയുന്നുള്ളൂ. വിമർശനമുന്നയിക്കുന്നവർ അതിനുതകുന്ന തെളിവുകൂടി ഹാജരാക്കാനുള്ള സാമാന്യ മര്യാദ കാട്ടണമായിരുന്നു. രാജ്യത്ത് നടന്ന നൂറുകണക്കിന് വർഗീയകലാപങ്ങളിൽ ഒന്നിൽപോലും പ്രത്യക്ഷമായോ പരോക്ഷമായോ ഇടപെട്ടെന്ന് ഒരു പ്രവർത്തകനെതിരെപ്പോലും ആരോപണമുയർന്നിട്ടില്ലെന്നു മാത്രമല്ല, കലാപങ്ങളിലും പ്രകൃതി ദുരന്തങ്ങളിലും ഇരയായവർക്ക് ജാതി-മത-വർഗ വിഭജനങ്ങൾക്കതീതമായി സഹായഹസ്തവുമായി എന്നും മുന്നോട്ടുവന്നിട്ടുള്ള ഒരു പ്രസ്ഥാനത്തെക്കുറിച്ച് ഒരു വാചകമെങ്കിലും നല്ലതുപറയാൻ എന്തേ വാസ്തവക്കാരന് കഴിയുന്നില്ല? സംഘടനക്കെതിരെ നൂറു ശതമാനവും നിഷേധാത്മക സമീപനം സ്വീകരിക്കാൻ മാത്രം 'വാസ്തവ'ക്കാരനെ നയിക്കുന്നത് 'പിണറായി ടച്ചാ'ണോ വർഗീയ മനസ്സാണോ എന്നുകൂടി മാത്രമേ ജനങ്ങൾക്ക് അറിയേണ്ടതുള്ളൂ. ഫാഷിസ്റ്റുകളെപ്പോലും വെല്ലുന്ന വിവരണങ്ങൾ കൊണ്ട് കൈയടി വാങ്ങാൻ ശ്രമിക്കുന്നവർ ബഹുമത സമൂഹത്തിൽ വരുത്തിവെക്കുന്ന വിനയെന്താണെന്ന് തിരിച്ചറിയാതെ പോകുന്നതെന്തുകൊണ്ടാണ്? 'വാസ്തവ' വിദ്വാനും അണിയറയിൽ നിന്ന് വിവരണം നൽകുന്ന വാർത്താവായനക്കാരനായ വിദ്വാനും കൂടി ഒരുക്കുന്ന ഇത്തരം പരിപാടിക്ക് 'വാസ്തവം' എന്നതിനു പകരം 'അവാസ്തവം' എന്നാക്കിയിരുന്നെങ്കിൽ ആ പേരിനോടെങ്കിലും നീതി പുലർത്താൻ കഴിയുമായിരുന്നു!

**ഹംസ ഏലൂർ**

## പൊതുസമൂഹത്തെ വിഭജിക്കാനല്ല, ഒരുമിപ്പിക്കാൻ

**ജമാഅത്തെ** ഇസ്‌ലാമിയിലും അതിന്റെ പോഷക സംഘടനകളിലും വർഗീയതയും മതമൗലികതയും കപടതയും ദർശിക്കുന്ന ഹമീദ് (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2010, മെയ് 16-22) ഈ പ്രസ്ഥാനത്തിന്റെ മുഗ്ധ സൗന്ദര്യം അനുഭവിച്ചറിഞ്ഞ നൂറു കണക്കിന് മുസ്‌ലിമേതര അനുഭാവികളെയും ആക്ടിവിസ്റ്റുകളെയും ഫലത്തിൽ കൊച്ചാക്കുകയാണ് ചെയ്യുന്നത്.

സോളിഡാരിറ്റിയുടെ സൃഷ്ടിന്മുഖമായ പുതിയ സമരമുറ താനുൾപ്പെടെയുള്ള സർക്കാറിനും മറ്റു സംഘടനകൾക്കും മാതൃകയാക്കാവുന്നതാണ് എന്ന് പ്രഖ്യാപിച്ച ജലവിഭവമന്ത്രി എൻ.കെ പ്രേമചന്ദ്രനും, ഞാനും കോടിക്കണക്കിന് ഭാരതീയരും നിങ്ങൾക്കൊപ്പമെന്ന് പ്രഖ്യാപിച്ച ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരും, മൗലാനാ മൗദൂദിയുടെ മാനവിക വീക്ഷണമാണ് ലോകം തേടുന്ന കരുത്തുറ്റ തീവ്രവാദ വിരുദ്ധ ദർശനമെന്നും മൗദൂദിയൻ ചിന്തയെ പാർശ്വവത്കരിച്ചവരാണ് അദ്ദേഹത്തെ തെറ്റിദ്ധരിപ്പിക്കുന്നതെന്നും പറയുന്ന വാണിദാസ് എളയാവൂരും, ജമാഅത്തെ ഇസ്‌ലാമി വർഗീയ സംഘടനയല്ലെന്ന് പറഞ്ഞ മുൻ കെ.പി.സി.സി പ്രസിഡന്റ് ടി.ഒ ബാവയും, ജമാഅത്തെ ഇസ്‌ലാമി സമ്മേളനത്തിൽ കാൽനടയായെങ്കിലും പങ്കെടുക്കുമെന്ന് പറഞ്ഞ രാഷ്ട്രപിതാവ് ഗാന്ധിജിയും, ജമാഅത്തെ ഇസ്‌ലാമി ഈയിടെ നടത്തിയ ദേശീയയാത്രയിൽ ജമാഅത്ത് നേതാക്കളെ വിവിധ കേന്ദ്രങ്ങളിൽ അനുഗമിച്ച പ്രശസ്ത ആക്ടിവിസ്റ്റുകളായ സന്ദീപ് പാണ്ഡെ, മേധാ പട്കർ, സ്വാമി അഗ്നിവേശ്, ശുഭ്രദീപ് ചക്രവർത്തി, സുരേഷ് ഖൈർനാർ, അജിത് സാഹി, അമരീഷ് മിശ്ര, രാം പുനിയാനി, മഹേഷ് ഭട്ട് എന്നിവരും, ആണവ കരാർ ചൂട് പിടിച്ച കാലത്ത് ജമാഅത്ത് മുൻകൈയെടുത്ത് ദൽഹിയിൽ സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ പങ്കെടുത്ത് സംസാരിച്ച സി.പി.എം എം.പി മുഹമ്മദ് സലീം, സി.പി.ഐ ദേശീയ സെക്രട്ടറി അതുൽകുമാർ അൻജാൻ, ആർ.എസ്.പി എം.പി അബനി റോയി, ഫോർവേഡ് ബ്ലോക്ക് ദേശീയ സെക്രട്ടറി ജി ദേവരാജൻ എന്നിവരുമൊക്കെ ഹമീദിന്റെ കാഴ്ചപ്പാടിൽ ജമാഅത്തുമായി സഹകരിക്കുന്നത് കൊണ്ട് വിവരമില്ലാത്തവരോ കാപട്യം നടിക്കുന്നവരോ ആയി മാറുന്നു.

ഹമീദ് ആരോപിക്കുന്നത് പോലെ പൊതുസമൂഹത്തെ വിഭജിക്കാനല്ല, മറിച്ച് മാനവിക മൂല്യങ്ങളിലൂടെ പൊതുസമൂഹത്തെ ഒരുമിപ്പിക്കാനാണ് ജമാഅത്ത് മുന്നോട്ട് വെക്കുന്ന പ്രത്യയശാസ്ത്രം ശ്രമിക്കുന്നത്. അതുകൊണ്ട് തന്നെയാണ് വിവിധ വർഗീയ കലാപങ്ങളിലും പ്രകൃതി ദുരന്ത വേളകളിലും എൻഡോസൾഫാൻ പുനരധിവാസ–ഭവന നിർമാണ–കുടിവെള്ള പദ്ധതി പോലെയുള്ള സേവന ഭൂമികയിലും പ്രസ്ഥാന പ്രവർത്തകർ അവരുടെ സമർപ്പിത ജീവിതം ജാതി–മത പരിഗണനയില്ലാതെ ഉഴിഞ്ഞുവെച്ചത്. അവർ മുറുകെ പിടിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ മഹിമയാണ് ആർദ്ര പ്രവാഹമായി നിരവധി കിനാവുകൾക്ക് കുളിര് പകർന്നത്. സംയമനത്തിന്റെ സമുദ്രം താണ്ടിയ പ്രസ്ഥാനത്തെ കാളകൂടം കലക്കിയ ലേഖനങ്ങളിലൂടെ പൊതുസമൂഹത്തിൽനിന്ന് പിളർത്തിയെടുക്കാമെന്ന വിചാരം മലർപൊടിക്കാരന്റെ സ്വപ്നമായി ശേഷിക്കും.

**വി. ഹശ്ഹാശ് കണ്ണൂർ സിറ്റി**

## സോളിഡാരിറ്റിയുടെ രാഷ്ട്രീയ പാരമ്പര്യം

**റേഡിയോ** ഏഷ്യയിലെ 'വിവാദ പർവം, കിനാലൂരിലെ പോലീസ് അതിക്രമം' എന്ന ചർച്ചാ പരിപാടിയിൽ പങ്കെടുത്ത ചില സുഹൃത്തുക്കൾ ചോദിക്കുകയുണ്ടായി, സോളിഡാരിറ്റിക്ക് എന്ത് രാഷ്ട്രീയ പാരമ്പര്യമാണുള്ളതെന്ന്. ഇന്ത്യ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന ക്രിമിനലുകൾ, മദ്യ രാജാക്കന്മാർ, ഭൂമാഫിയകൾ, പലിശക്കാർ, അഴിമതി വീരന്മാർ, പെൺവാണിഭക്കാർ തുടങ്ങിയവരുടെ രാഷ്ട്രീയ പാരമ്പര്യം ഏതായാലും സോളിഡാരിറ്റിക്കില്ല. പക്ഷേ ധർമം, നീതി, സത്യം, സമത്വം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങൾ സമൂഹത്തിൽ നിലനിർത്തി, മനുഷ്യന്റെ ശാശ്വത ക്ഷേമത്തിനായി സാക്ഷാൽ ദൈവം നിയോഗിച്ചയച്ച ദൈവദൂതന്മാരുടെ രാഷ്ട്രീയ പാരമ്പര്യമാണ് സോളിഡാരിറ്റിക്കുള്ളത്. തന്റെ പ്രജകളുടെ ക്ഷേമം അന്വേഷിക്കുന്നതിനായി രാത്രികാലങ്ങളിൽ നാടുനീളെ സഞ്ചരിച്ച് ജനങ്ങളുടെ പ്രയാസങ്ങൾ പരിഹരിക്കുന്ന, തെറ്റ് ചെയ്തത് സ്വന്തക്കാരാണെങ്കിലും ശിക്ഷ നടപ്പാക്കുന്ന, തന്റെ രാജ്യത്ത് ഒരാട്ടിൻകുട്ടി വിശന്നു ചത്താൽ ദൈവസന്നിധിയിൽ സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്ന ബോധമുള്ള ഭരണാധികാരികളെ സൃഷ്ടിച്ച രാഷ്ട്രീയ പാരമ്പര്യമാണ് അതിനുള്ളത്.

ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടാൻ സോളിഡാരിറ്റിയോട് ആരാണ് പറഞ്ഞത് എന്ന് മന്ത്രി എളമരം കരീം ചോദിക്കുന്നുണ്ട്. അടിച്ചമർത്തപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷന്മാർക്കും വേണ്ടി എന്തുകൊണ്ട് നിങ്ങൾ സമരം ചെയ്യുന്നില്ല എന്ന് നമ്മെ സൃഷ്ടിച്ച് ജീവനും ആയുസ്സും ആരോഗ്യവും സമ്പത്തും അധികാരവും നൽകിയ സാക്ഷാൽ ദൈവം ചോദിക്കുന്നു. ദൈവത്തിന്റെ ഈ ചോദ്യമാണ് സോളിഡാരിറ്റിയെ ജനങ്ങളുടെ പ്രശ്നത്തിൽ ഇടപെടാൻ പ്രേരിപ്പിക്കുന്നത്. രാഷ്ട്രത്തിന്റെയും അതിലെ മുഴുവൻ ജനങ്ങളുടെയും വികസനത്തിനും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്നതാണ് യഥാർഥ രാഷ്ട്രീയം. അതാണ് സോളിഡാരിറ്റിയുടെ രാഷ്ട്രീയം.

**അബൂ ആദിൽ മിൻസാബ് ഷാർജ**

## വെട്ടിനിരത്തുന്നവരുടെ ജനാധിപത്യ പ്രേമം

**'ജമാഅത്തെ** ഇസ്‌ലാമി ചരിത്രത്തെ നയിച്ചവിധം' എന്ന സദ്റുദ്ദീൻ വാഴക്കാടിന്റെ ലേഖന പരമ്പര അവസരോചിതമായി. ജനാധിപത്യത്തോടും മതേതരത്വത്തോടും കൂറില്ലാത്ത പ്രസ്ഥാനമാണ് ജമാ

അത്തെ ഇസ്‌ലാമി എന്ന ആരോപണത്തിന് മൂർച്ച കൂടിവരുന്ന കാലമാണിത്. ജമാഅത്തിന്റെ പ്രത്യക്ഷ രാഷ്ട്രീയ ഇടപെടലുകളെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങളുടെ തുടർച്ചയാണ് ഇത്തരം ആരോപണങ്ങൾ.

ജനാധിപത്യത്തിന് എന്തൊക്കെ മേന്മയുണ്ടെങ്കിലും ഒരു ഐഡിയോളജി എന്ന നിലയിൽ അതിന് ചില പോരായ്മകളുമുണ്ട്. ആ പോരായ്മകളെ ഗുണകാംക്ഷയോടെ ചൂണ്ടിക്കാണിക്കുക മാത്രമാണ് ജമാഅത്തെ ഇസ്‌ലാമിയും മൗലാനാ മൗദൂദിയും ചെയ്തത്. ഇതിന്റെ പേരിൽ ജമാഅത്തിനെ ജനാധിപത്യ വ്യവസ്ഥിതിയിൽ വിശ്വസിക്കാത്ത പ്രസ്ഥാനമായി കുറ്റപ്പെടുത്തുന്നതിൽ അർഥമില്ല. വികസനത്തിലെ പരിസ്ഥിതിവിരുദ്ധ-മനുഷ്യത്വവിരുദ്ധ അംശങ്ങളെ എതിർക്കുന്നവരെ വികസനവിരുദ്ധരായി ചിത്രീകരിക്കുന്നതുപോലെയാണിത്.

പതിറ്റാണ്ടുകളായി സ്വന്തം പാർട്ടിയിൽ തെരഞ്ഞെടുപ്പ് നടത്താത്തവരും എതിരാളികളെ വെട്ടിനിരത്തിയും നിലംപരിശാക്കിയും 'തെരഞ്ഞെടുപ്പ്' നടത്തി പാർട്ടി പിടിച്ചടക്കുന്നവരുമൊക്കെ ചേർന്നാണ് ജമാഅത്തിനെ -കൃത്യമായി ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുന്ന പ്രസ്ഥാനത്തെ- എതിർക്കാൻ വരുന്നത്. വ്യക്തിശുചിത്വം തീരെയില്ലാത്തവർ പരിസര ശുചിത്വത്തെക്കുറിച്ച് വാചകമടിക്കരുത്.

ജനാധിപത്യ വ്യവസ്ഥിതിയോട് പൂർണമായി യോജിക്കാൻ കഴിയാത്തവർ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും ഭരണത്തിൽ പങ്കാളികളാവുന്നതുമൊക്കെ നാമെത്ര കണ്ടതാണ്. 1957-ൽ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ 'പൂർണമായി യോജിക്കാൻ പറ്റാത്ത ഒരു വ്യവസ്ഥിതിയുടെ കീഴിലാണ് ഞങ്ങൾ ഭരണം ഏറ്റെടുക്കുന്നത്' എന്ന് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞതായി 'ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമക്ക്' എന്ന ലേഖനത്തിൽ വർഷങ്ങൾക്ക് മുമ്പ് ഒ.വി വിജയൻ എഴുതിയിട്ടുണ്ട്. അന്ന് ഇ.എം.എസ്സിനെ ആരും ജനാധിപത്യവിരുദ്ധനായി കണ്ടില്ല.

മതേതരത്വ ആശയങ്ങളെ പ്രയോഗവത്കരിക്കുന്നതിൽ ജമാഅത്തിനോളം മുന്നോട്ടുപോയ പ്രസ്ഥാനങ്ങൾ ഇന്ത്യയിൽ ഇല്ല. ജമാഅത്തൊഴികെയുള്ളവരെല്ലാം ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ വർഗീയതയോട് സഹശയനം നടത്തിയവരാണ്. ഇസ്‌ലാമിലെ രാഷ്ട്രീയത്തെക്കുറിച്ച് ഒന്നുമറിയാത്തവരാണ് ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ ഇടപെടലുകളെ ഉത്കണ്ഠയോടെ വീക്ഷിക്കുന്നത്. 'ഇസ്‌ലാം മതനിരപേക്ഷ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന പ്രസ്ഥാനമാണ്' (Most Secular Religion) എന്നാണ് പ്രമുഖ എഴുത്തുകാരനും ഇടതുപക്ഷ ചിന്തകനുമായ പി. ഗോവിന്ദപിള്ള അഭിപ്രായപ്പെട്ടിട്ടുള്ളത് (*പ്രബോധനം* 60-ാം വാർഷികപ്പതിപ്പ്). ജൂതരെയും ക്രിസ്ത്യാനികളെയും മുശ്‌രിക്കുകളെയുമെല്ലാം ഉൾക്കൊള്ളുന്ന ഒരു സ്റ്റേറ്റ് ആയിരുന്നു പ്രവാചകന്റെ കാലത്തെ മദീന. ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ, ദലിത് വിഭാഗങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന വിശാലമായൊരു പ്ലാറ്റ് ഫോം രൂപപ്പെടുത്താനാണ് ജമാഅത്ത് ശ്രമിക്കുന്നത്. ആത്മീയതയും സാമൂഹികതയും ലയിപ്പിച്ചുകൊണ്ടുള്ള ഒരു പുത്തൻ രാഷ്ട്രീയ സംസ്കാരം ഉരുത്തിരിയേണ്ടത് ഇന്ത്യൻ സാഹചര്യത്തിൽ അത്യാവശ്യമാണ്. സവർണ, മുതലാളിത്ത താൽപര്യങ്ങളോട് ശക്തമായി ഇടയുന്നതിനാൽ ജമാഅത്തിന്റെ രാഷ്ട്രീയ പ്രവേശത്തിന് വെല്ലുവിളികൾ ഉണ്ടാവുമെന്ന് തീർച്ചയാണ്. എന്നാലും കാലം ജമാഅത്തിന്റെ സാമൂഹിക നീതിയിലധിഷ്ഠിതമായ രാഷ്ട്രീയ പരീക്ഷണങ്ങളെ പരാജയപ്പെടുത്തില്ല.

**സ്നേഹവ്രതൻ പൂക്കോട്ടൂർ**

## ഇങ്ങനെയും ഒളിയജണ്ടകൾ?

***മാതൃഭൂമി*** ആഴ്ചപ്പതിപ്പിൽ ഹമീദ് ചേന്ദമംഗല്ലൂർ എഴുതിയ ലേഖനത്തിൽ ഒരു വലിയ വൈരുധ്യമുണ്ട്. ജമാഅത്തെ ഇസ്‌ലാമി ഒളിയജണ്ടകൾ ഉള്ള സംഘടനയാണെന്ന് തെളിയിക്കാനുള്ള വൃഥാ ശ്രമമാണ് പത്തിലധികം പേജുകളിലായി ഹമീദ് നടത്തിയിട്ടുള്ളത്. എന്നാൽ അതിന്റെ യഥാർഥ മുഖം അറിയാൻ അവരുടെ പുസ്തകങ്ങൾ വായിച്ചാൽ മതിയെന്ന് കെ. വേണുവിനെ ഉപദേശിക്കുകയും ചെയ്യുന്നു. കെ. വേണു അത് വായിച്ച് മനസ്സിലാക്കിയെന്നു പറയുന്നു. ഒളിയജണ്ടകൾ എങ്ങനെയാണ് പുസ്തകങ്ങളിലൂടെ പ്രസിദ്ധീകരിക്കുക?

**കെ.എം കബീർ ആലുവ**

## സാക്ഷര കേരളത്തിന് തെരഞ്ഞെടുപ്പ് സാക്ഷരതയില്ല

**കേരളത്തിൽ** മുഖ്യ രാഷ്ട്രീയ കക്ഷികൾ ജനകീയ പ്രശ്നങ്ങളിൽനിന്ന് പുറംതിരിഞ്ഞു നിൽക്കുന്ന കാഴ്ചയാണ് സമീപകാലത്തായി കാണാൻ കഴിയുന്നത്. ഇവിടെ കുറ്റക്കാർ രാഷ്ട്രീയക്കാരുടെ ചട്ടുകമായി മാറുന്ന വോട്ടർമാർ തന്നെയാണ്. അവർ പറയുന്ന ചിഹ്നത്തിലും മുന്നണിക്കും വോട്ട് പതിച്ചു നൽകുകയാണല്ലോ പതിവ്. ഈ അവസ്ഥ എന്ന് മാറുന്നുവോ അന്നേ കേരള ജനത രക്ഷപ്പെടൂ. സമൂഹത്തിന് ഉപകാരമുള്ളവരെ മാത്രമേ തങ്ങളുടെ അധികാരികളായി തെരഞ്ഞെടുക്കൂ എന്ന വിവേകം സാക്ഷരരെന്ന്

അവകാശപ്പെടുന്ന കേരള ജനതക്ക് ഇനിയും ഉണ്ടായിട്ടില്ല. അതിന് രാഷ്ട്രീയക്കാർ അനുവദിക്കുകയുമില്ല.

മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് പഠിപ്പിച്ചവർ അധികാര രാഷ്ട്രീയത്തിൽ മയങ്ങിപ്പോയിരിക്കുന്നു. അതുകൊണ്ടാണ് ഒരുകാലത്ത് പാവപ്പെട്ടവനു വേണ്ടി മിച്ചഭൂമി സമരം നടത്തിയവർ ഇന്ന് വികസനത്തിന്റെ പേര് പറഞ്ഞ് ജനങ്ങളെ കുടിയിറക്കാൻ വരുന്നത്. മാറി മാറി വരുന്ന മുന്നണികളെ പരീക്ഷിക്കുന്ന കേരള ജനതക്ക് വിവരമുണ്ടെന്ന് അഭിമാനിക്കാം. പക്ഷേ, വിവേകമുണ്ടെന്ന് അഭിമാനിക്കാൻ ആനുകാലിക സംഭവവികാസങ്ങൾ അനുവദിക്കുന്നില്ല. കാരണം ഒരു മുന്നണി എക്സ്പ്രസ് ഹൈവേയുമായി വരുമ്പോൾ മറ്റേ മുന്നണി നമുക്ക് മുന്നിലെത്തുന്നത് മറ്റൊരു കുടിയിറക്ക് പദ്ധതിയുമായിട്ടാണ്. എങ്ങനെയായാലും, ഏതു മുന്നണിയായാലും സാധാരണക്കാരന് കഞ്ഞി കുമ്പിളിൽതന്നെ. ചോദിക്കാനും പറയാനും ആരുമില്ലല്ലോ.

**സലീം നൂർ ഒരുമനയൂർ**